**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 68** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. എ. രാജ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് കൃത്യസമയത്ത് തന്നെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിൽ കേന്ദ്ര സർക്കാർ ഇടപെടൽ തടസ്സം സൃഷ്ടിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 2021-22 അധ്യയന വർഷം മുതൽ പട്ടികജാതി വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുവാൻ കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന സംവിധാനങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുകയുണ്ടായി. നിലവിൽ 2021-22 അധ്യയന വർഷം ലഭിച്ച സ്കോളർഷിപ്പ് അപേക്ഷകളിൽ സംസ്ഥാന വിഹിതം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.<br><br>2022-23 അധ്യയന വർഷം മുതൽ സ്കോളർഷിപ്പ് വിതരണത്തിനായി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ സാങ്കേതിക നിബന്ധനകൾ കൊണ്ടുവരികയും പ്രസ്തുത നിബന്ധനകൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ യഥാസമയം നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ തടസ്സം നേരിട്ടുവെങ്കിലും സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകളിലൂടെ 2022 ഒക്ടോബർ മാസത്തോടു കൂടി അപേക്ഷ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയും നവംബർ മാസത്തിൽ സ്കോളർഷിപ്പ് പോർട്ടൽ തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യ ക്രമീകരണങ്ങൾ പൂർത്തിയാക്കി 2022-23 അദ്ധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | സ്കോളർഷിപ്പ് മുടക്കുന്ന തരത്തിലുള്ള ഇടപെടൽ | (ബി) | 2021-22 അധ്യയന വർഷം മുതൽ പട്ടികജാതി |

| | | | |
|---|---|---|---|
| | മറികടന്ന് അർഹരായ വിദ്യാർത്ഥികൾക്കെല്ലാം തുക പൂർണ്ണമായും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | | വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുവാൻ കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന സംവിധാനങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുകയുണ്ടായി. നിലവിൽ 2021-22 അധ്യയന വർഷം ലഭിച്ച സ്കോളർഷിപ്പ് അപേക്ഷകളിൽ സംസ്ഥാന വിഹിതം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.<br><br>2022-23 അധ്യയന വർഷം മുതൽ സ്കോളർഷിപ്പ് വിതരണത്തിനായി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ സാങ്കേതിക നിബന്ധനകൾ കൊണ്ടുവരികയും പ്രസ്തുത നിബന്ധനകൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ യഥാസമയം നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ തടസ്സം നേരിട്ടുവെങ്കിലും സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകളിലൂടെ 2022 ഒക്ടോബർ മാസത്തോടു കൂടി അപേക്ഷ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയും നവംബർ മാസത്തിൽ സ്കോളർഷിപ്പ് പോർട്ടൽ തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യ ക്രമീകരണങ്ങൾ പൂർത്തിയാക്കി 2022-23 അദ്ധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | രണ്ടര ലക്ഷത്തിനുമേൽ വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് നൽകുന്നുണ്ടോയെന്നും ഇവർക്ക് സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് നൽകി വരുന്നുണ്ടോയെന്നും വ്യക്തമാക്കാമോ? | (സി) | വാർഷിക വരുമാനം 2.5ലക്ഷത്തിന് മുകളിലുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ സ്കോളർഷിപ്പ് അനുവദിക്കുന്നില്ല. എന്നാൽ വാർഷിക വരുമാനം 2.5ലക്ഷത്തിന് മുകളിലുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ പ്രത്യേകമായി ബജറ്റിൽ തുക വകയിരുത്തി വരുമാനപരിധി ബാധകമാക്കാതെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ